ഓപ്പൺപേജ്
2013 ജനുവരി 28
Issue No:71 No: 16 Vol No:71

"യജ്ഞം കഴിഞ്ഞ് അവശേഷിക്കുന്ന അന്നം ഭക്ഷിക്കുന്ന സജ്ജനങ്ങൾ എല്ലാ പാപങ്ങളിൽ നിന്നും മുക്തരാവുന്നു. ദൈവീക സമ്പത്ത് വളർന്ന് വളർന്ന് ഒടുവിൽ ഫലപ്രാപ്തിയിലെത്തുന്നു."

(ഭഗവത്ഗീത)

മൈക്കിലൂടെ എന്തും പറയാമെന്ന ധാരണ വേണ്ട

കൃഷിവകുപ്പ് മന്ത്രി കഴിഞ്ഞ ദിവസം ഒരു പൊതു പരിപാടിയിൽ പറഞ്ഞ വാക്കുകൾ ഒരർത്ഥത്തിൽ എല്ലാവരേയും ചിരിപ്പിക്കുന്നതാണ്. മറ്റൊരു അർത്ഥത്തിൽ മന്ത്രിയായാൽ എന്തും പറയാമെന്ന ധാരണ ഉണ്ടെന്ന ഒരു വിശ്വാസം ജനങ്ങൾക്കിടയിൽ നിലനിൽക്കുന്നതിന്റെ ഉദാഹരണമായി പ്രഖ്യാപനത്തെ കണക്കാക്കാം. വേറൊരു തരത്തിൽ ചിന്തിച്ചാൽ ഈ പ്രഖ്യാപനം മതിമറന്ന ചിരിയും ആഹ്ലാദവും നൽകുകയാണ്. ഒരു വിഡ്ഢിച്ചിരിയായും ഇതിനെ കണക്കാക്കാം. കാർഷിക മന്ത്രി പറഞ്ഞത് ഇങ്ങനെ പോലീസ് സ്റ്റേഷനുകളിലെ ഒഴിവുള്ള സ്ഥലങ്ങളെല്ലാം പരമാവധി ഉപയോഗപ്പെടുത്തി കൃഷി തുടങ്ങുമെന്നാണ്. സത്യത്തിൽ ഇത് ആവശ്യമുള്ളതു തന്നെ. ഒരു പണിയുമില്ലാതെ ഇരിക്കുന്ന പോലീസുകാർക്കും മറ്റും തീർച്ചയായും ഇത് ഉപകാരപ്പെടും. മാത്രവുമല്ല അത്യാവശ്യം വീട്ടിലേക്കും മറ്റും ഉപയോഗിക്കുകയും ചെയ്യാം. എന്നാൽ മന്ത്രി ഇത് പറയുന്നതിന് മുമ്പ് ഒരു കാര്യം ആലോചിക്കേണ്ടതുണ്ട്. സത്യത്തിൽ ആലോചിച്ച് പറയേണ്ടതായിരുന്നു ഇത്തരം വാക്കുകൾ. കാർഷിക സർവ്വകലാശാല എന്ന ഭീമനായ ഒരു വെള്ളാന സംസ്ഥാനത്തുണ്ട്. ഇവയ്ക്ക് കീഴിലും നിരവധി സ്ഥാപനങ്ങളുണ്ട്. അത്തരത്തിൽ തന്നെ കാർഷിക വകുപ്പും അതിനുകീഴിലെ കൃഷി ഓഫീസുകളും നിരവധിയുണ്ട്. ഇവയുടെ പ്രവർത്തനങ്ങളെല്ലാം വളരെ ശക്തമാക്കിയാൽ ഉണ്ടാവുന്ന മാറ്റങ്ങളെക്കുറിച്ച് ഒരിക്കലെങ്കിലും മന്ത്രി ചിന്തിച്ചിരുന്നെങ്കിൽ നെൽപ്പാടങ്ങൾ ഉണങ്ങുന്ന അവസ്ഥയും, കനാലുകളിൽ വെള്ളമില്ലാത്ത അവസ്ഥയും വന്നുചേരുകയില്ല. ഇത്തരത്തിലുള്ള പ്രധാനപ്പെട്ട ന്യൂനതകൾ പരിഹരിച്ചതിന് ശേഷം മതിയില്ലേ പോലീസ് സ്റ്റേഷനിലെ ഒഴിഞ്ഞുകിടക്കുന്ന ഭാഗങ്ങളിൽ കൃഷി ചെയ്യുന്നത്. ഇപ്പോൾ ടെറസ്സുകളിലും മറ്റും കൃഷി ചെയ്യാനായി എല്ലാ തരത്തിലുള്ള സജ്ജീകരണങ്ങളും കാർഷിക വകുപ്പ് ഒരുക്കുന്നുണ്ട്. ഇതിനുവേണ്ടി ഒരു വലിയ സംഖ്യ തന്നെ ചിലവഴിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ വറ്റിവരളുന്ന നീർച്ചാലുകളും കൃഷിക്ക് വെള്ളം കിട്ടാത്തതിനാൽ കരിഞ്ഞുണങ്ങുന്ന നെൽപ്പാടങ്ങളെപറ്റിയും ഒരുവിധത്തിലുള്ള വ്യാകുലതകളും ഭരണക്കാർക്ക് ഉണ്ടാകുന്നില്ല.

റോഡരുകിൽ ഫ്ളക്സ് ബോർഡുകൾ വ്യാപകമായി നശിപ്പിക്കപ്പെടുന്ന പ്രവണത കൂടിവരികയാണ്. ഇത് ഇല്ലാതാവണം. പെരുമ്പടപ്പ് പോലീസ് സ്റ്റേഷൻ പരിധിയിൽ റോഡരികിൽ സ്ഥാപിച്ചിട്ടുള്ള രാഷ്ട്രീയപാർട്ടികൾ സന്നദ്ധ സംഘടനകൾ എന്നിവരുടെ ഫ്ളക്സ് ബോർഡുകൾ വ്യാപകമായി നശിപ്പിച്ചിട്ടും ഒരു നടപടിയും സ്വീകരിക്കാനാവാതെ പോലീസ് കുഴങ്ങുകയാണ്. പാലപ്പെട്ടി ഹയർ സെക്കണ്ടറി സ്ക്കൂളിന് 15 ലക്ഷം രൂപ അനുവദിച്ച ജില്ലാ പഞ്ചായത്തംഗം അഡ്വ. എ.എം. രോഹിതിന് അഭിനന്ദനങ്ങൾ അറിയിച്ച് യൂത്ത് കോൺഗ്രസ് സ്ക്കൂളിന് സമീപം സ്ഥാപിച്ച ഫ്ളക്സ് ബോർഡ് സമൂഹദ്രോഹികൾ നശിപ്പിച്ചു. ഇതിനു മുമ്പ് ഇതേ സ്ഥലത്ത് സ്ഥാപിച്ച എസ്.എഫ്.ഐ., കെ.എസ്.യു., എം.എസ്.എഫ്. എന്നീ വിദ്യാർത്ഥി സംഘടനകളുടെ ഫ്ളക്സ് ബോർഡുകളും നശിപ്പിച്ചിരുന്നു. ഇതിനു പുറമെ പെരുമ്പടപ്പ്, എരമംഗലം, മാറഞ്ചേരി, വെളിയങ്കോട് എന്നിവിടങ്ങളിൽ എം.പി., എം.എൽ.എ. എന്നിവരുടെ വികസന ഫണ്ടുകൾ അനുവദിച്ചതിൽ അഭിവാദ്യം അറിയിച്ച് സ്ഥാപിച്ച നിരവധി ഫ്ളക്സ് ബോർഡുകളാണ്ഒരു മാസമായി രാത്രിസമയം സമൂഹദ്രോഹികൾ വ്യാപകമായി നശിപ്പിക്കുന്നത്.

വാർത്തകളും ലേഖനങ്ങളും എത്തിക്കുവാൻ

ഓപ്പൺപേജിൽ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്ന വാർത്തകൾ, വിശേഷങ്ങൾ, ലേഖനങ്ങൾ എന്നിവയും ഫോട്ടോയും താഴെ കാണുന്ന വിലാസത്തിലോ, ഇ-മെയിൽ സംവിധാനം വഴിയോ, ഫാക്സായോ അയക്കാവുന്നതാണ്.

OLMEC House,no.IX/406
opp. perumkannikkavu temple,
peramangalam. Thrissur - 680545
news@openpage.in.

ഓപ്പൺപേജിന് ഏജൻസി ക്ഷണിക്കുന്നു

ഓൽമെക്ക് ലിമിറ്റഡിന്റെ പ്രസിദ്ധീകരണമായ ഓപ്പൺപേജിന് ഏജൻസി ക്ഷണിക്കുന്നു. നിലവിൽ ഏജൻസി ഇല്ലാത്ത സ്ഥലങ്ങളിലും പുതിയ മേഖലകളിലും ഏജൻസി അനുവദിക്കുന്നതാണ്. ലളിതമായ വ്യവസ്ഥകളും ഏജൻസി ഫ്രണ്ട്ലി നിലപാടുകളും കമ്പനിയുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കും. വിശദ വിവരങ്ങൾക്ക് 9446470789 എന്ന നമ്പറിൽ ബന്ധപ്പെടുക.

നീതി മെഡിക്കൽസ്
ഇംഗ്ലീഷ് മരുന്നുകൾക്ക്
14% മുതൽ 30% വരെ വിലക്കുറവ്

നീതി സൂപ്പർ മാർക്കറ്റ്
മായം ചേർക്കാത്ത ഗുണമേന്മയുള്ള
ഇരുന്നൂറോളം നിത്യോപയോഗ സാധനങ്ങൾ
വിപണി വിലയേക്കാൾ വിലക്കുറവിൽ

നന്മ സ്റ്റോർ
10 ഇനം നിത്യോപയോഗ സാധനങ്ങൾ
20% വിലക്കുറവിൽ

സ്ഥിര നിക്ഷേപങ്ങൾക്ക് 11% വരെ പലിശ
പുന്നയൂർക്കുളം സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ പി. 417
പി.ഒ. പുന്നയൂർക്കുളം, തൃശ്ശൂർ ജില്ല. ഫോൺ: 2542241
(ലോക്കർ സൗകര്യം ലഭ്യമാണ്)
Email:pkmscb@gmail.com

കൂടംകുളവും അതിരപ്പള്ളിയുമല്ല തിലോനിയയാണ് പരിഹാരം

സവാദ് റഹ്മാൻ

വേനൽ എത്തിനോക്കും മുൻപേ ജലസംഭരണികൾ വറ്റിവരണ്ടുവെന്ന പേരിൽ സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്തിയിരിക്കുന്നു. അര മണിക്കൂറാണ് പ്രഖ്യാപിത മുടക്കമെങ്കിൽ പലദിവസവും അറ്റകുറ്റപ്പണിയുടെ മറവിൽ രാവിലെ മുതൽ വൈകീട്ടുവരെ വൈദ്യുതി മുടങ്ങുന്നു. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ വൈദ്യുതി മുടങ്ങുന്നതു മൂലം വ്യവസായ മേഖല കടുത്ത പ്രതിസന്ധി നേരിടുന്നു. അടച്ചുപൂട്ടലിൻെറ വക്കിലെത്തി നിൽക്കുന്ന ചെറുകിട യൂനിറ്റുടമകൾ രക്ഷതേടി അധികൃതരെ സമീപിക്കുമ്പോൾ കൂടംകുളം നിലയം യാഥാർത്യമായാലേ പ്രതിസന്ധിക്കു പരിഹാരമാകൂ എന്ന മറുപടിയാണു ലഭിക്കുന്നത്. ആണവ നിലയത്തിനെതിരെ ചെറുത്തുനിൽപ്പു സമരം നടത്തുന്ന മത്സ്യത്തൊഴിലാളികളും സാധുക്കളായ ഗ്രാമീണരുമാണ് നാടിൻെറ വൈദ്യുതി പ്രതിസന്ധിക്കു കാരണം എന്ന പച്ചക്കള്ളം വളരെ സംഘടിതമായ രീതിയിൽ തന്നെ പ്രചരിപ്പിക്കപ്പെടുന്നുണ്ട്. സൈലൻറ് വാലി പദ്ധതി മുടങ്ങിയതാണ് കേരള വികസനത്തെ പിന്നോട്ടടിച്ചതെന്നും അതിരപ്പള്ളി പദ്ധതി നടപ്പാക്കാതെ കേരളത്തിൽ നിന്ന് ഇരുട്ടു നീങ്ങില്ലെന്നുമുള്ള വാദങ്ങൾ ഇന്നും വലിയ ശബ്ദത്തിൽ തന്നെ മുഴങ്ങുന്നു.

തലമുറകളെ ബാധിക്കുന്ന ഗുരുതര പ്രത്യാഘാതങ്ങൾക്കും മാരക റേഡിയേഷനും വഴിവെക്കുന്ന അണുശക്തി നിലയങ്ങളും

ജൈവവൈവിധ്യങ്ങളെയും ആദിവാസി ജനതയെയും ഇല്ലാതാക്കുന്ന വൻകിട വൈദ്യുത പദ്ധതികളുമാണ് പരിഹാരമെന്ന്

ഭരണകൂടവും നിലയവിദ്വാൻമാരും ഘോരശബ്ദം മുഴക്കുമ്പോൾ രാജ്യത്തിൻെറ ഒരു കോണിൽ ഒരു ഗ്രാമം സൂര്യതേജസിൽ തിളങ്ങി നിൽക്കുന്നു.

ബെയർഫൂട്ട് വിജയഗാഥ

രാജസ്ഥാനിലെ അജ്മീർ ജില്ലയിൽ 'നഗ്നപാദ ഡോക്ടർമാരുടെ നാടെ'ന്ന് വിളിക്കപ്പെടുന്ന തിലോനിയാ ഗ്രാമം ഉത്തരം നൽകാൻ ശ്രമിക്കുന്നത് രാജ്യം നേരിടുന്ന ഏറ്റവും കടുപ്പമേറിയ ചോദ്യങ്ങൾക്കു തന്നെയാണ്. ഊർജ പ്രതിസന്ധിക്കും ശുദ്ധജല ക്ഷാമത്തിനും ആരോഗ്യ പ്രശ്നങ്ങൾക്കും സാമൂഹിക അസമത്വങ്ങൾക്കും അവരുടെ പക്കൽ പ്രതിവിധികളുണ്ട്. നശിച്ച വെയിൽ എന്ന് ശപിച്ച് നാം കുടകൊണ്ട് മറപിടിക്കുന്ന സൂര്യപ്രകാശത്തിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി ആയിരക്കണക്കിന് കുടുംബങ്ങൾക്കാണ് വെളിച്ചമേകുന്നത്. സഞ്ജിത് ബങ്കർ റോയ് 1972ൽ രൂപം നൽകിയ ബെയർഫൂട്ട് കോളജ് ആണ് തിലോനിയക്ക് തിലകച്ചാർത്തായി മാറിയത്. അവസരങ്ങൾ നൽകുകയും വിശ്വാസമർപ്പിക്കുകയും ചെയ്താൽ ഏതൊരു മനുഷ്യൻെറയും മറഞ്ഞുകിടക്കുന്ന കഴിവുകൾ ഏറ്റവും മനോഹരമായി ഉപയോഗപ്പെടുത്താനാകുമെന്ന് ഈ സ്ഥാപനത്തിൻെറ സാക്ഷ്യം. പഠനം പാതിയിലുപേക്ഷിച്ചവർക്കും പള്ളിക്കൂടത്തിൻെറ പടി പോലും കണ്ടിട്ടില്ലാത്തവർക്കും ബെയർഫൂട്ട് കോളജിൽ അഡ്മിഷനുണ്ട്! ഈ സ്ഥാപനം പരിശീലിപ്പിച്ച ആയിരക്കണക്കിന് വിദഗ്ധർ ഭൂഖണ്ഡത്തിൻെറ മുക്കമൂലകളിൽ സൗരോർജ സംരക്ഷണത്തിനും മഴവെള്ള കൊയ്ത്തിനും നേതൃത്വം നൽകുന്നു. ജലജന്യരോഗങ്ങൾക്കുള്ള സാധ്യത ഒഴിവാക്കാൻ ജല പരിശോധനയും ശുചീകരണ മാർഗങ്ങളും പൈപ്പ് അറ്റകുറ്റപ്പണികളും പരിശീലിച്ച ബെയർഫൂട്ട് വാട്ടർ എഞ്ചിനീയർമാർ ഈ കുടിവെള്ള വിപ്ലവത്തിൻെറ പതാക വഹിക്കുന്നു.

പകലും രാത്രിയും സൂര്യൻ കൂട്ട്

വീട്ടിലെ സാഹചര്യങ്ങളും ഉത്തരവാദിത്വങ്ങളും കാരണം പകൽ സ്കൂളിൽ ചേരാൻ കഴിയാത്തവരും പാതി വഴിയിൽ മുടങ്ങിയവരുമായ കുട്ടികൾക്കുവേണ്ടി തിലോനിയിലും സമീപ ഗ്രാമങ്ങളിലും നൈറ്റ് സ്കൂളുകൾ നടക്കുന്നു. ഉച്ച നേരത്ത് പണിയിടങ്ങളിൽ അവർക്ക് കാവൽ നിന്ന സൂര്യൻ രാത്രി നേരം അവരുടെ സ്കൂളിലേക്കും വരും! വെട്ടിത്തിളങ്ങുന്ന വെളിച്ചമുള്ള സൂര്യറാന്തലുകളുടെ രൂപത്തിൽ. ഈ വിളക്കുകളുടെ ചുറ്റിനുമിരുന്ന് കുട്ടികൾ ഭാഷയും ശാസ്ത്രവും കണക്കും പഠിക്കുന്നു.

പുരുഷൻമാർക്കായി സംവരണം ചെയ്യപ്പെട്ടത് എന്ന് നാം വിശ്വസിച്ചുപോരുന്ന ജോലികൾ അതിലേറെ കാര്യക്ഷമതയോടെ ചെയ്യാൻ സ്ത്രീകൾക്കാവും എന്നതിനും തിലോനിയ മാതൃക തെളിവ്. കോളജിലെ പേരുകേട്ട സോളാർ കുക്കർ യൂനിറ്റിലെ വെൽഡിംഗും ടർണിംഗും മുതൽ സകല ജോലികളും ചെയ്യുന്നത് സ്ത്രീകൾ തന്നെ. സോളാർ വൈദ്യുതി യൂനിറ്റും സ്ത്രീകളുടെ സാമ്രാജ്യം-അതിനു തക്കതായ ഒരു കാരണവുമുണ്ട്. ഗ്രാമീണ വൈദ്യുതീകരണം ലക്ഷ്യം വെച്ച് പരിശീലിപ്പിച്ച പുരുഷ എഞ്ചിനീയർമാരിൽ മിക്കപേരും പഠനം പൂർത്തിയായതോടെ നഗരചില്ലകൾ തേടി പറന്നു,വൈദ്യുതീകരണം വഴിയിൽ കിടന്നു. സോളാർ എഞ്ചിനീയറിംഗിൽ സ്ത്രീകൾക്ക്, അതും മധ്യവയസു പിന്നിട്ട മുത്തശ്ശിമാർക്ക് മുൻഗണന നൽകിയതോടെ കാര്യങ്ങൾ ശരിയായ മുറക്ക് നടക്കുന്നു. ഇന്ത്യയിൽ 16 സംസ്ഥാനങ്ങളിലായി 683 ഗ്രാമങ്ങളിൽ സൗരോർജ വൈദ്യുതീകരണം നടത്താനായി. സ്വായത്വമാക്കിയ അറിവ് സമൂഹത്തിനായി പങ്കുവെക്കാൻ സ്ത്രീകൾക്കുള്ള ആത്മാർഥത ആൺവർഗത്തിനില്ലെന്ന് തുറന്നടിക്കുന്നു ബങ്കർ. തുടർന്ന് യുദ്ധം കടിച്ചുകീറിയ അഫ്ഗാനിസ്ഥാനിലെ ഉൾപ്രദേശങ്ങളിൽ നിന്ന് 2004ൽ പത്തു പേരെ തിലോനിയയിലെത്തിച്ച് ആറുമാസത്തെ പരിശീലനം നൽകി. പഠനം പൂർത്തിയാക്കിയ ഈ ബെയർഫൂട്ട് എഞ്ചിനീയർമാർ താന്താങ്ങളുടെ ഗ്രാമങ്ങളിൽ സൗരോർജ വൈദ്യുതീകരണത്തിന് ചുക്കാൻ പിടിച്ചു. ഈ വിജയം പിന്നീട് ആഫ്രിക്കൻ രാജ്യങ്ങളിലും ആവർത്തിച്ചു. സിയാറാ ലിയോണിൽ, ഘാനയിൽ, ഗ്വാട്ടിമാലയിൽ, നമീബിയയിൽ. ... 32 രാജ്യങ്ങളിൽ നിന്നായി 223 വനിതകളെ ഇവിടെയെത്തിച്ച് പരിശീലനം നൽകി, 237 ഗ്രാമങ്ങളിൽ അവർ വൈദ്യുതിയെത്തിച്ചു. അയൽഗ്രാമങ്ങളിലെ കൂടുതൽ സ്ത്രീകളെ പരിശീലിപ്പിച്ചു. സൗരോർജ വൈദ്യുതിയും പാചകവും പ്രയോഗത്തിൽ വരുത്തുക വഴി പ്രതിവർഷം കോടിക്കണക്കിന് ലിറ്റർ മണ്ണെണ്ണയും ക്വിൻറൽ കണക്കിന് വിറകുമാണ് അവർ മിച്ചം വെക്കുന്നത്. വനനശീകരണം തടയാനും കാലാവസ്ഥാ വ്യതിയാനം ചെറുക്കാനുമുള്ള മുന്നേറ്റത്തിൽ വലിയൊരു കാൽവെപ്പാണിത്.

ഭൂട്ടാനിൽ നിന്നുള്ള നാല് ബുദ്ധ സന്യാസിമാരും സുഡാൻ,ലൈബീരിയ, സാൻസിബാർ, മലാവി, താൻസാനിയ, ഉഗാണ്ട, പെറു എന്നിവിടങ്ങളിൽ നിന്നുള്ള 34 മുത്തശ്ശിമാരുമാണ് ഞാൻ സന്ദർശിക്കവെ സോളാർ എഞ്ചിനീയറിംഗ് ബാച്ചിലുണ്ടായിരുന്നത്. ഹിന്ദിയിലും മുറി ഇംഗ്ലീഷിലും ആംഗ്യഭാഷയിലുമാണ് ക്ലാസുകൾ, ലൈബീരിയയിൽ നിന്നു വന്ന മദാവെ മസ എന്ന അമ്പത്തിരണ്ടുകാരിക്ക് അഞ്ചുമക്കളും 11 പേരക്കുട്ടികളുമുണ്ട്. അവർ ജീവിതത്തിലാദ്യമായാണ് സ്വന്തം ഗ്രാമത്തിൽ നിന്ന് പുറത്തിറങ്ങുന്നതു തന്നെ."എൻെറ മക്കളെ പിരിഞ്ഞ് ഒരു ദിവസം പോലും ഇതിനു മുൻപ് ഞാൻ ജീവിച്ചിട്ടില്ല, പേരക്കുട്ടികളെ കാണാതെ ഒരു ദിവസം പോലും തള്ളിനീക്കുക പ്രയാസം. പക്ഷെ ഞാൻ മടങ്ങിച്ചെല്ലുന്നതോടെ എൻെറ ഗ്രാമത്തിലെ ഒരു പെണ്ണിനും മണ്ണെണ്ണ കച്ചവടക്കാരൻെറ മുന്നിൽ പോയി യാചിക്കേണ്ടി വരില്ല എന്നോർക്കുമ്പോൾ സങ്കടം സന്തോഷത്തിന് വഴിമാറുന്നു!"

ഇതുപോലെ ഒരുപാടു സന്തോഷത്തിൻെറ വിളക്കുകൾ തെളിക്കപ്പെടുന്നുണ്ട് ഭൂമിയുടെ മുക്കുമൂലകളിൽ.

വർഷങ്ങൾ നീണ്ട അഭ്യന്തര കലാപങ്ങൾ പുരോഗതിക്ക് വിഘാതം തീർത്ത സിയാറ ലിയോണിൽ വികസനത്തിൻെറ വഴിവിളക്കാണിന്ന് സോളാർ എനർജി. തിലോനിയയിൽ നിന്ന് സോളാർ എഞ്ചിനീയറിംഗ് പൂർത്തിയാക്കി വിളക്കുകളുമായി എത്തിയ അമ്മമാരാണ് ഇതിനു നിദാനമായത്. അവർ എത്തിച്ച വെളിച്ചം നാടാകെ ചർച്ചയായി.

വിവരമറിഞ്ഞ് അവിടുത്തെ സർക്കാർ മുൻകൈ എടുത്ത് സൗരോർജ എഞ്ചിനീയറിംഗ് പരിശീലന കേന്ദ്രത്തിനു തുടക്കമിട്ടു ആ നാട്ടിൽ.

പ്രത്യാഘാതങ്ങളില്ലാത്ത, പ്രകൃതിക്ക് പോറലേൽപ്പിക്കാത്ത ആവർത്തന ചിലവുകളില്ലാത്ത സൗരവൈദ്യുതി മാർഗങ്ങൾ തേടുക

അതു മാത്രമാണ് ഊർജ പ്രതിസന്ധിക്ക് ഏറ്റവും മനോഹരമായ പ്രതിവിധിയെന്ന് തിലോനിയയുടെ വിജയഗാഥ ലോകത്തോട് വിളിച്ചോതുന്നു.

(ന്യൂദൽഹി സി.എസ്.ഇ മാധ്യമ ഫെലോഷിപ്പിൻെറ ഭാഗമായി എഴുതിയ ലേഖനം)

കള്ളന്മാരിലെ സൂപ്പർ സ്റ്റാർ ബണ്ടിചോർ

ജലീൽ

കള്ളന്മാരുടെ സൂപ്പർ സ്റ്റാറായ ബണ്ടി ചോറിന്റെ ഏറ്റവും വലിയ ആഗ്രഹം ഇന്ത്യൻ ചലച്ചിത്രരംഗത്തെ സൂപ്പർ താരമായ അമിതാബച്ചന്റെയും രംഗീല സുന്ദരി ഊർമിള മടോണ്ട്കറുടെയും വീടുകളിൽ മോഷണം നടത്തണമെന്നാണ്. ഈ ബോളിവുഡ് സൂപ്പർതാരങ്ങളോടുള്ള ആരാധനയാണതിനു കാരണമെന്ന് 2007ൽ തിഹാർ ജയിലിൽ നിന്നു പുറത്തിറങ്ങിയ ബണ്ടി വ്യക്തമാക്കിയിരുന്നു.

ആഡംബര കാറുകളും ഫോണുകളും മറ്റും കൂടുതൽ ലക്ഷ്യം വയ്ക്കുന്ന ബണ്ടി മോഷണകലയിൽ ആചാര്യനായിരുന്നു. മനസ്സുവെച്ചാൽ മോഷ്ടിച്ചിരിക്കും, മീശമാധവനെപ്പോലെ. മോഷണകലയിൽ മാത്രമല്ല, പോലീസിന്റെ വലയിൽ നിന്ന് കണ്ണടച്ചുതുറക്കുന്നതിന് മുമ്പു മായയായി മാറുന്നതിനുള്ള കഴിവും ബണ്ടിക്കുണ്ട്. അതുകൊണ്ടാണ്, 2005ൽ അറസ്റ്റിലായപ്പോൾ ഒരു പത്രപ്രവർത്തകൻ ഇന്റർവ്യൂവിന് ശ്രമിച്ചപ്പോൾ അന്നത്തെ തീഹാർ ജയിൽമേധാവി അനുവദിക്കാതിരുന്നത്. വേണമെങ്കിൽ പാർലമെന്റ് ആക്രമണക്കേസ്സിലെ പ്രതി അഫ്സൽ ഗുരുവിനെ ഇന്റർവ്യൂ ചെയ്യാൻ അനുവദിക്കാം. ബണ്ടിചോറിനെ മാത്രം കാണണമെന്നു പറയരുത് എന്നായിരുന്നു അഭ്യർത്ഥന. രക്ഷപ്പെടൽ കലയിലെ ആശാനായ ചാൾസ് ശോഭരാജിനുശേഷം ജയിലധികൃതരെ വലച്ച കഥാപാത്രം ബണ്ടിയായിരുന്നു.

മോഷണം പ്രശസ്തിക്കുവേണ്ടി ഒരു കള്ളനു കൊടുക്കുന്നതിനേക്കാൾ പ്രാധാന്യമാണ് ഡൽഹി പോലീസ് ബണ്ടിക്കു നൽകിയത്. തികഞ്ഞ മനഃസാന്നിദ്ധ്യമുള്ള സൂപ്പർ കള്ളൻ എന്നാണ് ബണ്ടിക്കു പോലീസ് നൽകിയ വിശേഷണം. ആഡംബരകാറുകളും സ്ത്രീകളും ദൗർലഭ്യമാണെങ്കിലും മോഷണം നടത്തുന്നതു പ്രശസ്തിക്കുവേണ്ടി കൂടിയാണെന്നാണ് ഡൽഹി പോലീസ് പറയുന്നത്. രാത്രി രണ്ടിനും വെളുപ്പിന് ആറിനും ഇടയ്ക്കാണ് വീടുകളിൽ മോഷണം നടത്തുക. ടയോട്ട, ബെൻസ് എന്നീ കാറുകളോടു താൽപര്യമെങ്കിലും കൂടുതലും മോഷ്ടിക്കുന്നതു സ്കോഡയാണ്. അഞ്ഞൂറിൽപ്പരം മോഷണക്കേസ്സിലെ പ്രതിയാണ് ഇയാൾ. ഇതിൽ 300 എണ്ണം വീടുകളിലും 100 എണ്ണം വൻകിട ഷോറൂമുകളിലുമാണ് നടത്തിയിട്ടുള്ളത്. 13 വർഷം ജയിൽ വാസവുമനുഭവിച്ചിട്ടുണ്ട്.

ആരാധ്യപുരുഷൻ സഞ്ജയൻ, ആയുധം സ്ക്രൂ ഡ്രൈവർ നീളമുള്ള സ്ക്രൂ ഡ്രൈവറാണ് പ്രധാന ആയുധം. താൻ മഹാഭാരതത്തിലെ സഞ്ജയനെപ്പോലെയാണെന്നാണ് ബണ്ടി ചോറിന്റെ അവകാശവാദം. ആരെ കണ്ടാലും പൂർണ്ണ വിവരം അറിയാനുള്ള കഴിവുണ്ട്. യേശുവിന്റെ അവതാരമാണെന്നും ബണ്ടി അവകാശപ്പെട്ടിട്ടുണ്ട്. ജയിലിൽ നിന്നും പുറത്തിറങ്ങി നല്ല ജീവിതം നടത്തണമെന്നാഗ്രഹിച്ച ബണ്ടിക്കു കുടുംബത്തിൽ നിന്നും, സ്നേഹിച്ച പെണ്ണിൽ നിന്നും പിന്തുണ കിട്ടിയില്ല.

ദേവേന്ദ്രസിംഗ് ബണ്ടിയാകുന്നു പശ്ചിമഡൽഹിയിലെ വികാസ്പുരിയിലെ സിഖ് കുടുംബത്തിലാണ് ബണ്ടിചോർ എന്ന ദേവേന്ദ്രസിംഗ് ജനിച്ചത്. അച്ഛൻരെ തല്ലുകൊണ്ടു മടുത്ത് ഏഴാംക്ലസ്സിൽ പഠിപ്പുനിർത്തി നാടുവിട്ടു.

ഒരു പൈസപോലും കൈയിലില്ലാതെ കള്ളവണ്ടി കയറി വൈഷ്ണോദേവിയിലേക്കു കടന്നു. അവിടെ നിന്ന് നേരെ കാശ്മീരിലേക്ക്. സിഖുകാരുടെ തലപ്പാവും ശിഖയും കളഞ്ഞു. തുടർന്ന് കാശ്മീരിൽ ഒഴിവ് ആഘോഷിക്കാൻ എത്തിയ അമ്മയേയും മകളെയും വലയിലാക്കി ഡൽഹിയിലേക്കു മടങ്ങി എന്നാൽ തലപ്പാവു ശിഖയും കളഞ്ഞ ബണ്ടിയെ അച്ഛൻ എന്നത്തേക്കുമായി പുറത്താക്കി. നേരെ ഹിമാചൽപ്രദേശിലെ മണികരണിലെത്തി ഗുരുദ്വാരയിൽ സേവനം നടത്തി കാലം കഴിച്ചു.

ആദ്യമോഷണം വിശപ്പുമാറ്റാൻ

ഖലിസ്ഥാൻ ഭീകരവാദം ശക്തമാകുകയാണെന്നും വീട്ടിലേക്കു മടങ്ങുന്നതാണ് നല്ലതെന്നും ഒരു സി.ഐ.ഡി. ഉദ്യോഗസ്ഥൻ ഉപദേശിച്ചതനുസരിച്ച് ഡൽഹിയിലെത്തി. പട്ടേൽ നഗറിൽ വിശപ്പും ക്ഷീണവും കൊണ്ട് അലഞ്ഞുതിരിഞ്ഞ ബണ്ടി അവിടെ കണ്ട ഒരു വീട്ടിൽ കയറി. ഫ്രിഡ്ജ് തുറന്ന് ആവശ്യമുള്ള ആഹാരമെടുത്ത് കഴിച്ചു. അലമാരയുടെ താക്കോൽ കൈക്കലാക്കി പണവും സ്വർണ്ണവും കവർന്നു. ഇതാണ് ബണ്ടിയുടെ ജീവിതത്തിലെ ആദ്യ കളവ്. പണവുമായി പഴയ ഡൽഹിയിലെ പ്രശസ്തമായ കരീമിന്റെ റസ്റ്റോറന്റിൽ പോയി നാനും മട്ടൻ കുറുമയും കഴിച്ചതിന്റെ രുചി ഇപ്പോഴും നാക്കിലുണ്ടെന്നാണ് ബണ്ടി പല അഭിമുഖങ്ങളിലും വ്യക്തമാക്കിയിട്ടുള്ളത്. അന്നു വൈകീട്ട് തന്നെ ബാറിൽ വെച്ച് ബണ്ടി മോഷ്ടിച്ച വാച്ച് രണ്ടു ലക്ഷം രൂപ നൽകി വാങ്ങാൻ ഒരാൾ തയ്യാറായി. എന്നാൽ ഇത്രയും തുക പറഞ്ഞ സാഹചര്യത്തിൽ ഇതിന് കൂടുതൽ വില വരുമെന്ന് കരുതി വിറ്റില്ല. അത് റോളക്സ് വാച്ചാണെന്നും പലമടങ്ങു വില വരുമെന്നും പിന്നീട് ഒരു കടക്കാരൻ തന്നെ ബണ്ടിയോട് പറഞ്ഞു.

പ്രേമം തകർത്തതു മോഷണം: പലായനം കലയാക്കുന്നു

വീണ്ടും മണികാരനിലെത്തിയ ബണ്ടി അവിടെ മെഡിസിനു പഠിച്ചിരുന്ന യുവതിയുമായി പ്രേമത്തിലായി. 1993ൽ ആദ്യമായി പോലീസിന്റെ പിടിയിലായപ്പോൾ ആ ബന്ധവും തകർന്നു. അന്ന് പോലീസിനെ കബളിപ്പിച്ച് ബണ്ടി രക്ഷപ്പെട്ടു. അവിടെ നിന്നും തുടങ്ങുന്നതാണ് ബയണ്ടി ചോറിന്റെ കഥ. പുസ്തകത്താളുകളിലും സിനിമയിലും മാത്രം കണ്ട പലതും ബണ്ടിചോർ ജീവിതത്തിൽ സാധിച്ചു. ജയിലിൽ നിന്നും പുറത്തിറങ്ങി ഡിക്ടറ്റീവ് ഏജൻസിയും തുടങ്ങി. പല മുൻകാല കള്ളന്മാരേയും പരിശീലനം നൽകി സ്റ്റാഫായി നിയമിച്ചു. ഡൽഹിയിൽ ഏറ്റവും കൂടുതൽ ഇടപാടുകാർ ഉണ്ടായിരുന്ന സ്വകാര്യ ഡിക്ടറ്റീവ് ഏജൻസിയുമായിരുന്നു ഇയാളുടേത്. ബിഗ് ബോസ് റിയാലിറ്റി ഷോയിൽ നിന്നും കൈയിലിരുപ്പുകൊണ്ടു പുറത്താക്കപ്പെടുമ്പോഴും ഏറ്റവും കൂടുതൽ വോട്ടുകിട്ടിയത് ബണ്ടിക്കായിരുന്നു.

1993 ഡൽഹി പോലീസ് ആദ്യമായി അറസ്റ്റ് ചെയ്യുമ്പോൾ ബണ്ടി ചോറിന് വയസ്സ് 19. അന്ന് സ്റ്റേഷനിൽ നിന്ന് ഓടിപ്പോയ ബണ്ടി പിന്നെ പൊങ്ങിയത് ചെന്നൈയിൽ. അവിടെ വെച്ച് അറസ്റ്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ട ബണ്ടി ഗ്ലാസ് പൊട്ടിച്ച് വിഴുങ്ങിയതോടെ ആശുപത്രിയിലായി. കിടക്കയിലും വിലങ്ങുവെച്ചിരുന്ന ബണ്ടി രക്